ഫെബ്രുവരി 27–മാർച്ച് 5

പാഠം 10

# ചിന്തിക്കാനാവത്തത് ചെയ്യുന്നു

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: യെശ. 50:4–10; 52:13; 53:12; 53;3–9; 53:10–12.**

**മനഃപാഠവാക്യം: 'എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി. അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു" (യെശ. 53:5).**

---

---

തെക്കേ അമേരിക്കൻ ഖനികളിൽ അടിമകളായിത്തീർന്ന തന്റെ സഹനാട്ടുകാർക്കായി ലൂ ഫൂക്ക് എന്ന ചൈനീസ് ക്രിസ്ത്യാനിയുടെ മനസ്സ് അനുകമ്പയാൽ നിറഞ്ഞു. സുവിശേഷത്തിന്റെ പ്രത്യാശ അവർക്കു നൽകണമെന്ന് അവനു തോന്നി, എന്നാൽ അവരിലേക്ക് അവൻ എങ്ങനെ എത്തിച്ചേരും? അവന്റെ പരിഹാരം അവനെത്തന്നെ ഒരടിമയായി അഞ്ചു വർഷക്കാലത്തേക്ക് വില്ക്കുക എന്നതായിരുന്നു. അവൻ ഡെമേറയിലേക്ക് കടത്തപ്പെട്ടു, അവിടെ അവൻ ഖനികളിൽ അദ്ധ്വാനിക്കയും സഹപ്രവർത്തകരോട് യേശുവിനെക്കുറിച്ച് പറയുകയും ചെയ്തു.

ലൂ ഫൂക്ക് മരിച്ചു – എന്നാൽ 200 മനുഷ്യർ നിരാശയുടെ പടുകുഴിയിൽ നിന്ന് മോചിതരായി യേശുവിനെ അവരുടെ രക്ഷിതാവായി സ്വീകരിക്കുന്നതിന് മുമ്പായിരുന്നില്ല.

മറ്റുള്ളവരുടെ നന്മയ്ക്കായി എത്ര ആശ്ചര്യകരമായ സ്വയ ത്യാഗം! എന്താ മാതൃക! ചിന്തിക്കാനാവാത്തതു ചെയ്തതുകൊണ്ട്; അതായത്, താഴ്മയോടെ "ദാസരൂപം എടുത്ത്" (ഫിലി. 2:7), യേശുവും എത്തിച്ചേരാനാകാത്തവരിലേക്ക് എത്തിച്ചേർന്നു – ഞാനും നിങ്ങളും ലോകം മുഴുവനും പാപത്തിന്റെ അഗാധഗർത്തത്തിൽ നഷ്ടമായി.

ഈ ആഴ്ചയിൽ, അത് സംഭവിക്കുന്നതിന് നൂറുകണക്കിന് വർഷങ്ങൾക്കു മുമ്പ് പ്രവചിക്കപ്പെട്ട ഈ അവിശ്വസനീയ സംഭവം നമ്മൾ കാണും.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് മാർച്ച് 6 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## യെശയ്യാവിന്റെ സത്യ പരിശോധന (യെശ. 50:4-10)

വിവരങ്ങൾ മാത്രം അറിയിക്കാനാണ് യെശയ്യാവ് ഉദ്ദേശിച്ചിരുന്നതെങ്കിൽ, അവൻ അപ്പോൾ തന്നെ മിശിഹായെ സംബന്ധിച്ച സകല വിവരങ്ങളും നിരത്തിവച്ചേനെ. എന്നാൽ പഠിപ്പിക്കുന്നതിനും, പ്രേരിപ്പിക്കുന്നതിനും, അവന്റെ സദസ്സിന് ദൈവത്തിന്റെ ദാസനുമായി ഒരു കൂടികാഴ്ച നൽകുന്നതിനും, ആവർത്തിച്ചാവർത്തിച്ചുള്ള കേന്ദ്ര ആശയങ്ങളുടെ ഒരു ധന്യമായ ചട്ടക്കൂട് സ്വരൈക്യശൈലിയിൽ വികസിപ്പിക്കുന്നു. അവൻ ദൈവത്തിന്റെ ദൂതിനെ പടിപടിയായി ചുരുളഴിക്കുന്നു. അങ്ങനെയാകുമ്പോൾ ഓരോ വസ്തുതയും ശേഷിച്ച സമ്പൂർണ്ണ ചിത്രത്തിന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കാം. അവന്റെ ശ്രോതാക്കളുടെ ആത്മാവാകുന്ന പടം വരയ്ക്കുന്ന തുണിയിൽ ചിത്രം വരയ്ക്കുന്ന ഒരു ചിത്രകാരനാണ് യെശയ്യാവ്.

**യെശ. 50:4-10 വായിക്കുക. ഈ വാക്യങ്ങൾ എന്ത് പറയുന്നു എന്ന് സംഗ്രഹിക്കുക. ഈ പാഠഭാഗത്ത് നിങ്ങൾ യേശുവിനെ എങ്ങനെ കാണുന്നു?**

യെശ. 49:7 ൽ ദൈവത്തിന്റെ ദാസൻ നിന്ദിതനും വെറുക്കപ്പെട്ടവനും അധിപതികളുടെ ദാസനുമാണെന്ന് നാം കണ്ടു എന്നാൽ "രാജാക്കന്മാർ കണ്ട് എഴുന്നേല്ക്കയും പ്രഭുക്കന്മാർ കണ്ടു നമസ്കരിക്കയും ചെയ്യും." ഇവിടെ യെശ. 50 ൽ, സൗമ്യനായ ഗുരുവിന് താഴ്വര കൂടുതൽ ആഴമുള്ളതാണെന്ന് നാം മനസ്സിലാക്കുന്നു. അവന്റെ വാക്കുകളാണ് ക്ഷീണിതരെ നിലനിർത്തുന്നത് (യെശ. 50:4). സത്യത്തിലേക്കുള്ള പാത, ശാരീരിക ദുരുപയോഗത്തിലൂടെ നയിക്കുന്നു (യെശ. 50:6).

ഈ ദുരുപയോഗം ആധുനിക പാശ്ചാത്യസംസ്കാരത്തിലുള്ള നമുക്ക് അരോചകമായി തോന്നാം. എന്നാൽ പുരാതന സമീപ പൗരസ്ത്യ സംസ്കാരത്തിൽ, അവന്റെയോ അവളുടെയോ കൂട്ടത്തിനോ, ഒരു വ്യക്തിക്കോ യശസ്സ് എന്നത് ഒരു ജീവൻ മരണവിഷയമായിരുന്നു.

ദാവീദ് രാജാവ് അമോന്യരാജ്യം ആക്രമിച്ച് കീഴടക്കി (2 ശമൂ. 10:1-12). കാരണം അവരുടെ രാജാവ് വെറുതെ "ദാവീദിന്റെ ഭൃത്യന്മാരെ പിടിച്ച് അവരുടെ താടിയെ പാതി ചിരപ്പിച്ച് അവരുടെ അങ്കികളെ നടുവിൽ ആസനംവരെ മുറിപ്പിച്ച് അവരെ അയച്ചു" (2 ശമൂ. 10:4). എന്നാൽ യെശ. 50 ൽ ആളുകൾ ദാസനെ അടിക്കുന്നു, വേദനിപ്പിച്ച് താടി രോമങ്ങൾ പിഴുതെടുത്ത്, അവന്റെ മേൽ തുപ്പുന്നു. എന്താണ് ഈ പ്രവൃത്തികൾ ഒരു സാർവ്വത്രിക സംഭവമാക്കി മാറ്റിയതെന്തെന്നാൽ ഇതിന് ഇരയായ വ്യക്തി ദിവ്യമായ രാജാധിരാജാവിന്റെ ദൂതനായിരുന്നു എന്നതാണ്. വാസ്തവത്തിൽ, യെശ. 9:6,7 ഉം 11:1-16 ഉം മറ്റ് "ദാസ" പാഠഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, നാം കണ്ടത് ദാസനാണ് രാജാവ് എന്നതാണ്, ആ ശക്തനായ മോചകൻ! എന്നാൽ ഈ ശക്തിയും ആദരവും എല്ലാം ഉണ്ടായിട്ടും, ചിന്തിക്കാനാവാത്ത ഏതോ കാരണത്താൽ അവൻ അവനെത്തന്നെ രക്ഷിക്കുന്നില്ല! ഇത് വളരെ വിചിത്രമായതുകൊണ്ട് ജനങ്ങൾ ഇത് വിശ്വസിച്ചില്ല.

**യെശ. 50:4-11 ലൂടെ വായിക്കുക. നമ്മുടെ സ്വന്തം ജീവിതങ്ങളിൽ പ്രയോഗിക്കേണ്ട ഇവിടെ ചിത്രീകരിച്ചിരിക്കുന്ന ആത്മീയ തത്വങ്ങൾ എടുക്കുക. നിങ്ങൾ ഉണ്ടാക്കുന്ന കുറിപ്പടിയുടെ വെളിച്ചത്തിൽ നിങ്ങളെത്തന്നെ നോക്കുക. ഏത് മേഖലകളിലാണ് നിങ്ങൾക്ക് മെച്ചപ്പെടാവുന്നത്?**

## കഷ്ടപ്പെടുന്ന ദാസപദ്യം (യെശ. 52:13; 53:12)

"Suffering Servant Poem" എന്ന് അറിയപ്പെടുന്ന യെശ. 52:13; 53:12, “സുവിശേഷ പ്രവാചകൻ” ആയുള്ള യെശയ്യാവിന്റെ ഖ്യാതി ഉറപ്പിക്കുന്നു. സുവിശേഷത്തിന്റെ മേന്മയുടെ ഐക്യത്തിൽ, ആ പദ്യം മറ്റ് സാഹിത്യത്തിനു മുകളിലാണ്. ആശ്ചര്യപ്പെടുത്തുംവിധം ഹ്രസ്വമാണെങ്കിലും, ഓരോ പദസമുച്ചയവും പാപത്തിൽ മുഴുകി നഷ്ടമായ ഒരു വർഗ്ഗത്തെ രക്ഷിപ്പാനുള്ള അചിന്ത്യമായ ദൈവത്തിന്റെ ശ്രമത്തിന്റെ കാതൽ വെളിവാക്കുകയും അഗാധമായ അർത്ഥത്താൽ നിറഞ്ഞവയുമാണ്.

ഇത് യെശയ്യാവിന്റെ വചനത്തിന്റെ “പാൽ” അല്ല. അവന്റെ പുസ്തകത്തിന്റെ ആദ്യ ഭാഗം മുതലേ തന്റെ ശ്രോതാക്കളെ മിശിഹാ വാഗ്ദത്തങ്ങളാൽ തയ്യാറാക്കിയെടുത്തിട്ടുണ്ട്. മിശിഹായുടെ ഭൂമിയിലെ ജീവിതത്തിന്റെ സമ്പൂർണ്ണമാർഗ്ഗം പിന്തുടർന്നുകൊണ്ട്, പ്രവാചകൻ അവന്റെ ഗർഭധാരണത്തിലും ജനനത്തിലും ആരംഭിക്കുന്നു (യെശ. 7:14), അവന്റെ വ്യക്തിത്വത്തെ ദാവീദ് വംശജനായ ഒരു ദിവ്യ രാജാവായി പരിചയപ്പെടുത്തുന്നു (യെശ. 9:6,7), യിസ്രായേലിന്റെ പുനഃസ്ഥാപനത്തിലുള്ള അവന്റെ പ്രവർത്തിയെ വിപുലീകരിക്കുകയും (യെശ.11:1–16) കഷ്ടപ്പാടിൽനിന്നും അനീതിയിൽനിന്നും ഉള്ള വിടുതലിന്റെ നിശ്ശബ്ദ ശുശ്രൂഷയെ എടുത്തുകാട്ടുകയും ചെയ്യുന്നു (യെശ. 42:1–7). പിന്നീട് മിശിഹായുടെ മഹത്തരമായ നാടകത്തിൽ പുകഴ്ചക്കു മുമ്പുള്ള ദുരന്തത്തിന്റെ വൈരുദ്ധ്യം ഉൾപ്പെട്ടിരുന്നു എന്ന് യെശയ്യാവ് വെളിപ്പെടുത്തി (യെശ. 49:1–12; 50:6–10).

മുകളിലുള്ള ഖണ്ഡികയിൽ കുറിച്ചിരിക്കുന്ന ഭാഗങ്ങളിലൂടെ പിന്നോട്ട് പോകുക. യേശുവാകുന്ന മിശിഹായെക്കുറിച്ച് അവ എന്തു പറയുന്നു എന്ന് അവലോകനം ചെയ്യുക. യെശ. 52, 53 ൽ വരുവാനിരിക്കുന്നതിനായി ഒരുങ്ങുവാൻ അവ നമ്മെ എങ്ങനെ സഹായിക്കുന്നു?

ഒരു ഗംഭീര വൈരുദ്ധ്യം ഉൾക്കൊള്ളുന്ന ഒരു മുൻകാഴ്ചയിലൂടെയാണ് യെശ. 52:13; 53:1 പദ്യത്തെ പരിചയപ്പെടുത്തുന്നത്: ദാസൻ അഭിവൃദ്ധി പ്രാപിക്കയും ഉയർത്തപ്പെടുകയും ചെയ്യും, എന്നാൽ അവന്റെ പുറമെയുള്ള കാഴ്ച തിരിച്ചറിയുന്നതിനും അപ്പുറമായി വികലമാക്കപ്പെട്ടിരിക്കും. അത് ആർക്ക് വിശ്വസിക്കാനാകും?

യെശയ്യാവ് 53:2,3 ഉം ദാസന്റെ ഉത്ഭവവും സാധാരണ കാഴ്ചയും മുതൽ അവന്റെ ദുഃഖവും തിരസ്കരണവും വരെ ഒരു വേദനാജനകമായ ഇറക്കം ആരംഭിക്കുന്നു. അവന്റെ കഷ്ടപ്പാട് യഥാർത്ഥത്തിൽ നമ്മുടെ ശിക്ഷയാണ്, അത് നമ്മെ സൗഖ്യമാക്കാനായി അവൻ വഹിക്കുന്നതാണ് എന്ന് വിശദീകരിക്കാൻ ഒരു വിരാമം ഇടുന്നു. യെശ. 53:7–9 നിഷ്കളങ്കനായ ദാസന്റെ ശവക്കല്ലറയിലേക്കുള്ള ഇറക്കം തുടരുന്നു.

**യെശ. 52:13; 53:12 വായിക്കുക. നമുക്കുവേണ്ടി യേശു ചെയ്തു എന്ന് പദ്യം പറയുന്ന സകല കാര്യങ്ങളും എഴുതുക. നമുക്കു വേണ്ടിയുള്ള ആ പ്രവർത്തനങ്ങൾ നമുക്ക് എന്ത് അർത്ഥമാകുന്നു എന്നതിനെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുകയും പറയുകയും ചെയ്ക.**

## ആര് വിശ്വസിച്ചിട്ടുണ്ട്? (യെശ. 52:13; 53:12)

യെശ. 52:13 ൽ ദൈവത്തിന്റെ ദാസൻ വളരെയധികം ഉയർത്തപ്പെടുന്നു, എന്നാൽ താക്കീത് ഒന്നുമില്ലാതെ, അടുത്തവാക്യം അവന്റെ ഭാവം വളരെയധികം വിരൂപമായതായി വർണ്ണിക്കുന്നു. അവനെ "മനുഷ്യപുത്രന്മാരിൽ" ഒരുവനായി തിരിച്ചറിയാനാകില്ല. യേശുവിന്റെ പുറമേയുള്ള കാഴ്ച വികലമാക്കിയ ഘടകങ്ങളെക്കുറിച്ച് പുതിയ നിയമം വർണ്ണിക്കുന്നു, ചാട്ടവാറടി ഉൾപ്പെടെ ഒരു മുൾക്കിരീടം, ക്രൂശീകരണം, എന്നാൽ, സകലത്തിനും മുകളിലായി, മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങൾ വഹിക്കുന്നത് മനുഷ്യർക്ക് പാപം ഒരിക്കലും സ്വതവേ ഉണ്ടാകാൻ ഉദ്ദേശിച്ചതായിരുന്നില്ല; അത് വഹിച്ച "മനുഷ്യ പുത്രൻ" അമാനുഷികനായി കാണുവാൻ ഇടയായി.

ഇതിനെ ഇയ്യോബിന്റെ കഥയുമായി താരതമ്യം ചെയ്യുക, അവൻ അധിസമ്പന്നതയും, ആദരവും ശക്തിയുമുള്ള ഒരു അവസ്ഥയിൽനിന്ന് പെട്ടെന്ന് പരിതാപകരമായ ഒരു നികൃഷ്ടന്റെ രൂപത്തിൽ ചാരത്തിനിടയിൽ ഇരുന്ന് തന്റെ വൃണങ്ങൾ ഓട്ടുകഷ്ണം കൊണ്ട് ചുരണ്ടുന്ന അവസ്ഥയിലേക്ക് കൂപ്പുകുത്തി (ഇയ്യോബ് 1,2). ആ വൈരുദ്ധ്യം അത്ര വലിയതാകതൊണ്ട് ആദ്യം അവന്റെ സുഹൃത്തുക്കൾ പോലും അവനെ തിരിച്ചറിഞ്ഞില്ല (ഇയ്യോബ് 2:12). ചോദ്യമിതാകുന്നു: ഇയ്യോബ് എന്തുകൊണ്ട് കഷ്ടപ്പെടുന്നു? ദൈവത്തിന്റെ മിശിഹാ എന്തിന് കഷ്ടം അനുഭവിക്കണം? ഇരുവരും അത് അർഹിക്കുന്നില്ല. രണ്ടുപേരും നിഷ്ക്കളങ്കരാണ്. അപ്പോൾ പിന്നെ എന്തുകൊണ്ട് കഷ്ടപ്പാട്?

**ഇന്നത്തെ പഠനത്തിലെ വാക്യങ്ങൾ വായിച്ച് നിഷ്കളങ്കർ കുറ്റക്കാർക്കുവേണ്ടി കഷ്ടപ്പെടുന്നു എന്ന കേന്ദ്ര ആശയം ഏതെല്ലാം ഇടങ്ങളിലെന്ന് എഴുതുക.**

യെശയ്യാവ് 53:1 ലെ ചോദ്യങ്ങൾ നോക്കുക: അവിശ്വസനീയമായതിനെ വിശ്വസിക്ക എന്ന വെല്ലുവിളിയെ ഈ ചോദ്യങ്ങൾ ഊന്നിപ്പറയുകയും (യോഹ. 12:37–41 മായി താരതമ്യം ചെയ്യുക). കഥയുടെ ശിഷ്ടഭാഗത്തിനായി കാത്തിരിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. എന്നാൽ ചോദ്യങ്ങൾ ഒരു ആഹ്വാനത്തെയും സൂചിപ്പിക്കുന്നു. ഈ പശ്ചാത്തലത്തിൽ, ഈ രണ്ടു ചോദ്യങ്ങൾ തമ്മിലുള്ള സമാന്തരത സൂചിപ്പിക്കുന്നത് കർത്താവിന്റെ കരം അല്ലെങ്കിൽ രക്ഷയുടെ ശക്തി (യെശ. 52:10 മായി താരതമ്യപ്പെടുത്തുക) ആ വിവരണം വിശ്വസിക്കുന്നവർക്ക് വെളിപ്പെടുത്തികൊടുക്കും എന്നാണ്. നിങ്ങൾക്ക് ദൈവത്തിന്റെ രക്ഷാകരമായ ശക്തി അനുഭവിക്കണോ? എന്നാൽ ആ വിവരണം വിശ്വസിക്കുക. യെശയ്യാവ് 53:6 ശ്രദ്ധയോടെ നോക്കുക. ഇവിടുള്ള പ്രത്യേകമായ ദൂത് എന്താണ്? വ്യക്തിപരമായി, ആ വാക്യം നിങ്ങളോട് എന്താണു പറയുന്നത്, നിങ്ങളുടെ കഴിഞ്ഞകാല തോൽവികളും പാപങ്ങളും ഉണ്ടായിട്ടുകൂടി അതു നിങ്ങൾക്കു പ്രത്യാശ നല്കും.

## എത്തിച്ചേരാനാവാത്തവർ നമ്മളാണ്! (യെശ. 53:3–9)

ഒരു ക്ഷണികമായ ചെടി പോലെ, പ്രകടമായും പ്രത്യേക മൂല്യമൊന്നുമില്ലാത്തതും നിന്ദിക്കപ്പെട്ടതും (യെ. 53:2,3). ഇതാണ് കഷ്ടതയനുഭവിക്കുന്ന ദാസനെക്കുറിച്ച് നമുക്കു നല്കുന്ന ചിത്രീകരണം. യെശയ്യാവ് നമ്മെ വേഗത്തിൽ നിഷ്ക്കളങ്കമായ യുവത്വം മുതൽ അഗാധഗർത്തത്തിന്റെ വക്കോളമെത്തിച്ചിട്ടുണ്ട്. ഇതിനു വിരുദ്ധ മായി, നമുക്കു ജനിച്ച പൈതലിനെ വിലപ്പെട്ടതായി കരുതാൻ യെശയ്യാവ് നമ്മെ പഠിപ്പിച്ചിട്ടുണ്ട്. പരമോന്നതനായ സമാധാനപ്രഭു.

ആരോ പറഞ്ഞതുപോലെ: "ഞങ്ങൾ ശത്രുവിനെ കണ്ടുമുട്ടി, അത് നമ്മളാണ്." ഈ ദാസനല്ല ആദ്യമായി നിന്ദിക്കപ്പെട്ടതും തള്ളിക്കളയപ്പെട്ടതും അല്ലെങ്കിൽ കഷ്ട പ്പെടുന്ന ഒരാളും. അവന്റെ മകൻ അബ്ശാലോമിൽനിന്നും ഓടിയൊളിച്ചപ്പോൾ അവൻ ഇതെല്ലാം കൂടി ആയിരുന്നു (2 ശമൂ 15:30). എന്നാൽ ഈ ദാസൻ വഹിച്ച കഷ്ടത അവന്റെ സ്വന്തമായിരുന്നില്ല. അത് അവന്റെ സ്വന്തം പാപഫലവുമല്ല. മറ്റൊരു വ്യക്തിക്കുവേണ്ടി മാത്രവുമല്ല അവൻ അത് വഹിക്കുന്നത്: "എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെ മേൽ ചുമത്തി" (യെശ. 53:6).

"എന്തുകൊണ്ട്" എന്ന ചോദ്യത്തിന് ഉത്തരമാണ് യെശയ്യാവിന്റെ കാതലായ സത്യം. ദൈവത്തിന്റെ സ്നേഹം കാരണം, അവന്റെ മിശിഹ കഷ്ടപ്പെടുവാൻ തിര ഞ്ഞെടുക്കും. എന്നാൽ എന്തുകൊണ്ട്? ചിന്തിക്കാനാകാത്ത സത്യം പൂർത്തിയാക്കു ന്നതിന് യെശയ്യാവ് "സ്വർണ്ണമുന" തുളച്ചിറക്കുന്നു: എത്തിച്ചേരാനാകാത്തവരിലേക്ക് എത്തിച്ചേരുവാൻ അവൻ കഷ്ടപ്പെടുവാൻ തയ്യാറാകും. ആ എത്തിച്ചേരാനാകാ ത്തവർ നമ്മളാണ്!

മനസ്സിലാകാത്തവർ ദാസനെ "ദൈവം.... ദണ്ഡിപ്പിച്ചിരിക്കുന്നു" (യെശ. 53:4) എന്നു കാണക്കാക്കുന്നു. ഇയ്യോബിന്റെ സ്നേഹിതർ കരുതിയതുപോലെ യേശു വിനെ ക്രൂശിൽ കണ്ടവരും ഏറ്റവും മോശമായത് ഭാവന ചെയ്തു. മോശെ ഇങ്ങനെ പറഞ്ഞില്ലേ "തൂങ്ങി മരിച്ചവൻ ദൈവസന്നിധിയിൽ ശാപഗ്രസ്തൻ ആകുന്നു" (ആവ. 21:22; സംഖ്യാ. 25:4 മായി താരതമ്യം ചെയ്യുക).

എന്നിരുന്നാലും ഇതെല്ലാം ദൈവ ഇഷ്ടമായിരുന്നു (യെശ. 53:10) എന്തുകൊണ്ട്? കാരണം "ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നു" (ഗലാ. 3:13).

"നമുക്കുവേണ്ടി എത്ര വലിയ വിലയാണ് നൽകപ്പെട്ടത്! ക്രൂശിനെ കാണൂ, അതിൽ ഉയർത്തപ്പെട്ടിരിക്കുന്ന ഇരയെയും. അവന്റെ കൈകൾ നോക്കൂ. ക്രൂരമായ ആണികളാൽ തുളയ്ക്കപ്പെട്ട്. അവന്റെ പാദങ്ങൾ നോക്കൂ, വലിയ നീണ്ട ആണിക ളാൽ മരത്തോട് ബന്ധിച്ചിരിക്കുന്നു. ക്രിസ്തു നമ്മുടെ പാപങ്ങൾ സ്വന്തം ശരീര ത്തിൽ വഹിച്ചു. ആ യാതന, ആ പ്രാണവേദന നിങ്ങളുടെ വീണ്ടെടുപ്പിന്റെ വില യാണ്" E.G. White, God's Amazing Grace, p. 172.

**ആ ഭാരം, ആ കുറ്റബോധം, സർവലോകത്തിന്റെയും പാപങ്ങൾക്കായുള്ള ശിക്ഷ, എല്ലാ പാപിയുടെയും എല്ലാ പാപവും, ഒരേ സമയത്ത് ക്രൂശിൽ ക്രിസ്തുവിന്റെ മേൽ വീണു. നമ്മെ രക്ഷിക്കാനുള്ള ഒരേയൊരു മാർഗ്ഗമായി! ഇത്ര വലിയ വില കൊടുത്തും നമുക്കുവേണ്ടി അവൻ ഇതു ചെയ്യുമെന്നത് ദൈവത്തിന്റെ സ്നേഹ ത്തെക്കുറിച്ചു നമ്മോട് എന്തു പറയുന്നു?**

## ഒരു രൂപാന്തരപ്പെടുത്തുന്ന അകൃത്യയാഗം (യെശ. 53:10–12)

**ദാസന്റെ ജീവിതം "ഒരു അകൃത്യയാഗം" ആണെന്ന് പറയുന്നതിന്റെ അർത്ഥമെന്ത്? (യെശ. 53:10).**

മറ്റുള്ളവർക്കെതിരെയുള്ള മന:പൂർവമായ പാപങ്ങൾക്ക് (ലേവ്യ. 6:2,3) പരിഹാരമായാണ് "പാപ" അല്ലെങ്കിൽ "അകൃത്യയാഗം" എന്ന് എബ്രായ വാക്ക് സൂചിപ്പിക്കുന്നു (ലേവ്യ. 5:14–6:7; 7:1–7). അതുപോലുള്ള പാപങ്ങളെ യെശയ്യാവ് എടുത്തുകാണിച്ചു (യെശ. 1–3; 10:1,2; 58) ദൈവത്തിൽനിന്നും ക്ഷമ ലഭിക്കുന്നതിനായി യാഗം അർപ്പിക്കുന്നതിനുമുമ്പ്, പാപി തെറ്റു ചെയ്തവനിൽ നിന്നെടുത്തത് തിരികെ നല്കുകയും ഇതിനുപുറമെ ഒരു പിഴ നൽകുകയും വേണം (ലേവ്യ. 6:4–7; മത്തായി 5:23,24 മായി താരതമ്യം ചെയ്യുക). ദൈവത്തിന് സ്വന്തമായ എന്തിലെങ്കിലും മന:പൂർവമല്ലാത്ത ദുരുപയോഗം നടത്തിയിട്ടുണ്ടെങ്കിൽ, അതിന് പ്രായശ്ചിത്തം നൽകണം (ലേവ്യ. 5:16).

ഇനി നമുക്ക് യെശ. 40:2 മനസ്സിലാക്കാം. അവിടെ ദൈവം തന്റെ നാടുകടത്തപ്പെട്ട ജനങ്ങളോട് അവരുടെ പാപത്തിനു മതിയായ പരിഹാരം ചെയ്തിട്ടുണ്ടെന്നു പറഞ്ഞ് ആശ്വസിപ്പിക്കയാണ്.

എന്നാൽ നഷ്ടം നികത്തലിനുശേഷം ഒരു യാഗം ഉണ്ടായിരിക്കണം. ഇവിടെ അത് യെശ. 53 ലാണ് ഒരു ആട്ടുകൊറ്റനു പകരം ദൈവത്തിന്റെ ദാസൻ, ഒരു ആടിനെപ്പോലെ അറവു സ്ഥലത്തേക്ക് നയിക്കപ്പെടുകയാണ് (യെശ. 53:7) തെറ്റിപ്പോയ ജനങ്ങൾക്കുവേണ്ടി (യെശ. 53:6).

"ജീവനുള്ളവരുടെ ദേശത്തുനിന്ന്" ഛേദിക്കപ്പെട്ടെങ്കിലും (യെശ. 53:8; ദാനി. 9:26 മായി താരതമ്യം ചെയ്യുക). നമുക്കായി പ്രത്യാശയുടെ തീജ്വാല തെളിയിക്കുന്ന യാഗത്തിൽ സമ്പൂർണ്ണമായി ദഹിച്ചെങ്കിലും ദാസൻ മരണത്തിൽനിന്നും പുറത്തുവരുന്നു. ഒരിക്കലും തിരിച്ചുവരവില്ലാത്ത നാട്ടിൽനിന്ന് സ്തുതിക്ക് യോഗ്യനാകും; അവന്റെ "സന്തതിയെ" കാണുകയും അവന്റെ നാളുകൾ ദീർഘിപ്പിക്കുകയും ചെയ്യും (യെശ. 53:10–12). തുടർന്നുള്ള ഓരോ സത്യവും നോക്കുക.

എങ്ങനെയാണ് ഓരോന്നും യെശ. 53 ലുള്ള ഒരേ അടിസ്ഥാന ദൂതിനെ പ്രതിഫലിപ്പിക്കുന്നത്?

സങ്കീ. 32:1,2 ..........

റോമർ 5:8 ..........

ഗലാ. 2:16 ..........

ഫിലി. 3:9 ..........

എബ്രാ. 2:9 ..........

1 പത്രൊസ് 2:24 ..........

**യെശയ്യാവ് 53:13–53:12 ലെ സുവാർത്ത ഒരു ഒറ്റ ഖണ്ഡികയിൽ സംഗ്രഹിക്കാൻ നിങ്ങളോട് ആരെങ്കിലും ആവശ്യപ്പെടുകയാണെങ്കിൽ, നിങ്ങൾ എന്ത് എഴുതും?**

## കൂടുതൽ പഠനം:

“ക്രിസ്തു നമ്മുടെ പാപങ്ങൾ അവന്റെ സ്വന്തശരീരത്തിൽ വഹിച്ചു, മരണത്തിന്മേൽ. പരിമിതികളുള്ള ഒരാൾക്കും പരിഹാരം ചെയ്യാനാകില്ല എങ്കിൽ, പാപം എന്തായിരിക്കും? ഒരു ദൈവത്തിനു മാത്രമേ അത് ഇല്ലാതാക്കാനാകൂ എങ്കിൽ, ശാപം എന്തായിരിക്കും? പാപത്തിന്റെ ശമ്പളം മരണമത്രേ എന്ന് ക്രിസ്തുവിന്റെ ക്രൂശ് സകലരോടും സാക്ഷ്യപ്പെടുത്തുന്നു... ഓ, ധാർമ്മിക ബോധത്തെ കൈപ്പിടിയിലൊതുക്കുന്ന ശക്തമായ മാന്ത്രിക ശക്തികളെന്തെങ്കിലുമുണ്ടോ, ദൈവാത്മാവിന്റെ അഭിപ്രായത്തിനെതിരെ അവരെ കഠിനമാക്കുന്ന എന്തോ ഒന്ന്?” E.G. White, Our High Calling, p. 44.

“ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ മരണത്തോടെ, ദൈവത്തിന്റെ ഭരണസംവിധാനത്തിന്റെ ന്യായപ്രമാണം വലുതാക്കി കാണിക്കപ്പെട്ടു. ലോകത്തിന്റെ പാപം ക്രിസ്തു വഹിച്ചു. നമ്മുടെ പര്യാപ്തത കാണപ്പെടുന്നത് ദൈവപുത്രന്റെ അവതാരത്തിലും മരണത്തിലും മാത്രമാണ്. അവന് കഷ്ടം സഹിക്കാമായിരുന്നു കാരണം അവൻ ദിവ്യത്വത്താൽ നിലനിർത്തപ്പെട്ടവനാണ്. അവന് സഹിക്കാമായിരുന്നു. കാരണം പാപത്തിന്റെയോ കൂറില്ലായ്മയുടെയോ ഒരു കളങ്കവും അവന് ഇല്ലായിരുന്നു ക്രിസ്തു മനുഷ്യർക്കായി വിജയം വഹിക്കയും ചെയ്തു. അവൻ ന്യായപ്രമാണത്തെ ഉയർത്തുകയും അതിനെ ആദരവുള്ളതാക്കുകയും ചെയ്തപ്പോൾ അവൻ മനുഷ്യർക്കായി നിത്യജീവൻ ഉറപ്പാക്കി” E.G. White, Selected Messages, Book,1. p. 302

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ:**

1. **യെശ. 3:7–9 പാതാളത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെന്നു: ദാസന്റെ മരണവും അടക്കവും. യേശുവിന്റെ ജീവിതാന്ത്യത്തിൽ ഈ വാകൃങ്ങളിലെ എത്ര കാര്യങ്ങളാണ് നിറവേറിയത്? (മത്തായി 26:57–27:60; മർക്കൊസ് 14:53–15:46; ലൂക്കൊസ് 22:54–23:53; യോഹ. 18:12–19:42).**
2. **ക്രിസ്തുവിന്റെ മരണം ന്യായപ്രമാണത്തെ വലുതാക്കി കാണിച്ചു എന്നതിനെക്കുറിച്ച് എലൻ ജി. വൈറ്റ് എഴുതിയ മുകളിലെ ഉദ്ധരണി നോക്കുക. എന്താണ് അവർ അതുകൊണ്ട് അർത്ഥമാക്കുന്നത്? ന്യായപ്രമാണത്തിന്റെ നിതൃതയ്ക്കുള്ള തെളിവായി അവന്റെ മരണത്തെ നാം എങ്ങനെ മനസ്സിലാക്കുന്നു?**

**സംഗ്രഹം: ദൈവത്തിന്റെ വീണ്ടെടുപ്പുകാരന്റെ ജനനം, വ്യക്തിത്വം, തൊഴിൽ എന്നിവയെക്കുറിച്ച് പറഞ്ഞശേഷം, യെശയ്യാവ് ഒടുവിലായി നമുക്ക് പ്രത്യാശ നൽകുന്ന പരമോന്നത ദുരന്തം വെളിവാക്കുന്നു. നാം ഉൾപ്പെടെയുള്ളവരിലേക്ക് എത്തിച്ചേരുവാനും രക്ഷിക്കുവാനും നഷ്ടമായവരെ സൗഖ്യമാക്കുവാനും ദൈവത്തിന്റെ ദാസൻ സ്വമേധയാ നമ്മുടെ ശിക്ഷയും കഷ്ടപ്പാടും വഹിക്കുന്നു.**